




കേരളത്തിന്റെ നെല്ലുൽപ്പാദന കണക്കുകൾ പ്രതിവർഷം ഞെട്ടിക്കുന്ന തരത്തിൽ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോൾ ടൂറിസം മാഫിയുടെ കൈയേറ്റങ്ങളെ നേരിട്ട് പരമ്പരാഗത നെൽവയലുകൾ സംരക്ഷിക്കാൻ നടത്തിയ മെത്രാൻ കായൽ സംരക്ഷണ സമരം കുടിവെള്ളത്തിന്റെയും പാരിസ്ഥിതിക വിഭവങ്ങളുടെ സംരക്ഷണത്തിന്റെയും പ്രധാന്യം കേരളീയ സമൂഹത്തിന് മുന്നിൽ തുറന്നുകാട്ടി. ഒപ്പം കേരള സർക്കാർ പാസാക്കിയ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ ദയനീയാവസ്ഥ കൂടി പൊതുസമൂഹത്തിന് മുന്നിൽ ഈ സമരം തുറന്നുകാട്ടി.

# മെത്രാൻ കായൽ സംരക്ഷണ സമരം
# കൃഷിയിലേയ്ക്കുള്ള തിരിച്ചുവരവ്

19-ാം നൂറ്റാണ്ടിന്റെ ആരംഭകാലത്ത് കേരള ജനതയുടെ ഭക്ഷ്യ പ്രതിസന്ധിക്കു പരിഹാരം എന്നവണ്ണം, മാനുഷിക പ്രയത്നങ്ങൾ കൊണ്ട് പരിവർത്തനപ്പെടുത്തിയെടുത്ത കായൽ പ്രദേശങ്ങളാണ് കുട്ടനാടൻ നെൽപ്പാടങ്ങൾ. ഒരു കാലഘട്ടത്തിൽ കേരളത്തിന്റെ നെല്ലറയായിരുന്ന ഈ പ്രദേശം ഇന്നുവരേയും ഇതിന്റെ ഉത്പാദനപരവും സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികപരവുമായ കർത്തവ്യങ്ങൾ കൃത്യമായും നിർവ്വഹിച്ചിട്ടുണ്ട്. ഇന്ന് വികസനത്തിന്റെ പേരിൽ കുട്ടനാട്ടിൽ ചെയ്തിട്ടുള്ള കാർഷിക പദ്ധതികളാകട്ടെ, ടൂറിസത്തിന്റെ മറവിൽ കടന്നുകൂടുന്ന റിയൽ എസ്റ്റേറ്റ് താത്പര്യങ്ങളാവട്ടെ ഇവയെല്ലാം കുട്ടനാടിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുകയാണ്.

കുട്ടനാടൻ കായൽ നിലങ്ങളിൽ ഏറ്റവും ഉത്പാദനക്ഷമതയുള്ള കുമരകം പഞ്ചായത്തിലെ മെത്രാൻ കായൽ (സെമിനാരി കായൽ) പാടശേഖരം ഈ വികല വികസന നയത്തിന്റെ ഇരയാവുകയാണ്. മെത്രാൻ കായൽ ഉൾപ്പെടെ കേരളത്തിലെ നിരവധി നെൽപാടങ്ങൾ ഭൂമാഫിയയുടെ ഇടപെടലുകൾ മൂലം കാർഷികേതര പ്രവർത്തനങ്ങൾക്കായി പരിവർത്തനപ്പെടൽ ഭീക്ഷണി നേരിടുകയാണ്.

**മെത്രാൻ കായൽ**

കോട്ടയം ജില്ലയിലെ, കുമരകം പഞ്ചായത്തിന്റെ തെക്ക് വശത്ത് വേമ്പനാട് കായലിനോട് സ്ഥിതി ചെയ്യുന്ന 417 ഏക്കർ വിസ്തൃതിയുള്ള പാടശേഖരമാണ് സെമിനാരി കായൽ. സമുദ്രനിരപ്പിൽ താഴെ കൃഷി ചെയ്യപ്പെടുന്ന കുട്ടനാടൻ പാടശേഖരങ്ങൾ ഒരു പൈതൃക സമ്പത്തു തന്നെയാണ്. ഈ കായൽ പ്രദേശം അന്താരാഷ്ട്ര റാംസർ ഉടമ്പടി പ്രകാരം സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള വേമ്പനാട്, കോൾ തണ്ണീർത്തടത്തിന്റെ ഭാഗമാണ്. 4 വർഷങ്ങൾക്ക് മുമ്പ് വരെ സജീവമായി നെൽകൃഷി നടന്നിരുന്ന ഈ പാടശേഖരം ഇന്ന് ഒരു സ്വകാര്യ ഭൂമാഫിയയുടെ കൈകളിലാണ്. പല ബിനാമി പേരുകളിലായി 403 ഏക്കറോളം ഭൂമി ഇവർ കൈക്കലാക്കിയിരിക്കുകയാണ്.

**മെത്രാൻ കായൽ നേരിടുന്ന വെല്ലുവിളി**

യു. എ. ഇ. ആസ്ഥാനമായുള്ള RAKEEN ഗ്രൂപ്പും ഇന്ത്യയിലെ ഒരു പ്രബല ഖനന വ്യവസായ ഗ്രൂപ്പായ റെട്രമെക്സും ചേർന്ന് റാക്കിൻഡോ ഡെവലപ്പേഴ്സ് എന്ന റിയൽ എസ്റ്റേറ്റ് കമ്പനി, റാക്കിൻഡോ കു മരകം റിസോർട്ട് എന്ന പേരിൽ നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത് സെവൻസ്റ്റാർ റിസോർട്ട്, ഫൈവ് സ്റ്റാർ ഹോട്ടൽ, ഇന്റർ നാഷണൽ കൺവൻഷൻ സെന്റർ, ലക്ഷറി കോട്ടേജുകൾ, തിയേറ്റർ, ഗോൾഫ് ക്ലബ്ബ് തുടങ്ങിയവയാണ്. ഭൂമിയുടെ 16 ശതമാനം സ്ഥലം നിർമ്മാണ പ്രവർത്തനങ്ങൾക്കും, 150 ഏക്കറിൽ ഗോൾഫ് കോഴ്സും, 8 ഏക്കറിൽ റോഡുകളും, 10 ഏക്കറിൽ ചിൽഡ്രൻസ് പാർക്കും, 22 ഏക്കറിൽ പ

ക്ഷി സങ്കേതവുമാണ്.

കുട്ടനാടൻ കായൽ നിലമായ മെത്രാൻ കായൽ പാടശേഖരം നികത്തി എടുക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോൾ കേരളത്തിന്റെ നെല്ലുൽപ്പാദന കണക്കുകൾ ഒന്ന് പരിശോധിക്കാം. ആഭ്യന്തര നെല്ലുല്പാദനം സംസ്ഥാന ഉപഭോഗത്തിന്റെ 15% മാത്രമാണ്. ഇത് നമ്മുടെ ആവശ്യം കണക്കിലെടുക്കുമ്പോൾ തുലോം തുച്ഛമാണ്. 1965 ൽ 8 ലക്ഷം ഹെക്ടർ നെൽപാടങ്ങൾ ഉണ്ടായിരുന്നത് സംസ്ഥാനത്ത് 2007 ആയപ്പോൾ ഇത് 2.64 ലക്ഷമായി ചുരുങ്ങി കഴിഞ്ഞു. സെമിനാരി കായൽ പാടശേഖരത്ത് ഒരു കൃഷിക്ക് ഉല്പാദിപ്പിക്കുന്നത് ശരാശരി 10500 ക്വിന്റൽ നെല്ലാണ്. പാടശേഖരം തരിശിടുന്നതുമൂലം ഇത്രയും നഷ്ടമാണ് നെല്ലുല്പാദന മേഖലയിൽ മാത്രമുണ്ടാകുന്നത്. കൂടാതെ ശരാശരി 22165 സുസ്ഥിര തൊഴിൽ ദിനങ്ങളാണ് പ്രദേശത്തെ കർഷക തൊഴിലാളികൾക്ക് നഷ്ടമാകുന്നത്. ഇതിൽ 85% ജോലികളും നഷ്ടമാകുന്നത് സ്ത്രീ തൊഴിലാളികൾക്കാണ്. മാത്രമല്ല നെല്ലുല്പാദനത്തിലും അതിന്റെ സംസ്കരണത്തിലും വിതരണത്തിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന നിരവധി ജനങ്ങളുടെ തൊഴിൽ നഷ്ടങ്ങളിലേയ്ക്ക് ഇത് വഴിവെക്കും. (ഉദാ: ഒരു കൃഷി സമയത്ത്ടി പാടശേഖരത്ത് നിന്ന് നെല്ല് കയറ്റിവിടുന്നതിന് കുമരകത്തെ ചുമട്ടു തൊഴിലാളികൾക്ക് മാത്രം വരുമാനം 5,77,500 രൂപയാണ്. കൃഷി നിലയ്ക്കുന്നതുമൂലം ഇത് നിലയ്ക്കും)

സെമിനാരി (മെത്രാൻ) കായലിൽ കൃഷി കഴിഞ്ഞ് വെള്ളം കയറ്റിവിടുന്ന സമയം, ഉൾനാടൻ മത്സ്യങ്ങളായ കരിമീൻ, കൊഞ്ച്, ചെമ്മീൻ തുടങ്ങി 58 ഇനം മത്സ്യങ്ങളുടെ പ്രജനനത്തിനും, വളർച്ചയ്ക്കും അനുയോജ്യമായ പ്രദേശമാണ്. ഒരു സീസണിൽ ഇവിടെ നിന്നും ലഭിക്കുന്ന മത്സ്യസമ്പത്ത് ശരാശരി 10,00,750 കിലോഗ്രാം ആണ്. വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്ന ഈ

**കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കുമരകം ഗ്രാമപഞ്ചായത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ കൃഷി ചെയ്യാൻ താത്പര്യമില്ലെന്നും നിയമ വ്യവസ്ഥ എന്തായിരുന്നാലും പദ്ധതിക്ക് ആവശ്യമായ ക്യാബിനറ്റ് അംഗീകാരം ഞങ്ങൾ നേടിയെടുക്കുമെന്നുമാണ് കമ്പനി വക്താക്കൾ പറഞ്ഞത്. തുടർന്ന് മന്ത്രിസഭാ യോഗത്തിൽ തീർത്തും നിയമ വിരുദ്ധമായ ഈ പ്രോജക്ടിന്റെ അംഗീകാരത്തിനായി വ്യവസായ വകുപ്പ് ഇത് അവതരിപ്പിച്ചെങ്കിലും കൃഷി മന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും എതിർപ്പ് മൂലം വ്യവസായ വകുപ്പിന്റെ ശ്രമം വിഫലമാകുകയും യോഗം പ്രസ്തുത പ്രോജക്ടിന്മേൽ തീരുമാനമാകാതെ പിരിയുകയും ചെയ്തു**

പാടശേഖരം പരിവർത്തനപ്പെടുത്തുന്നതുമൂലം മത്സ്യപ്രജനനത്തിനും, വളർച്ചയ്ക്കും അനുയോജ്യമായ ആവാസ വ്യവസ്ഥയും ഇത്രയും മത്സ്യസമ്പത്തുമാണ് നഷ്ടപ്പെടാൻ പോകുന്നത്. ഇത് ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും മത്സ്യസംസ്കരണ വിതരണ മേഖലയിൽ പണിയെടുക്കുന്ന നിരവധി ആളുകളുടെയും ജീവിതത്തെ പ്രതികൂലമായി ബാധിക്കും. കൂടാതെ ചെത്ത് തൊഴിലാളികൾ, തെങ്ങ് കയറ്റ തൊഴിലാളികൾ, താറാവു കൃഷിക്കാർ, പുല്ലു ചെത്ത് തൊഴിലാളികൾ മുതലായ ഒരു വലിയ വിഭാഗത്തിന്റെ സുസ്ഥിര ഉപജീവന സ്രോതസ്സാണ് മെത്രാൻ കായൽ.

### പാരിസ്ഥിതിക വിഷയങ്ങൾ

മെത്രാൻ കായൽ പദ്ധതിക്ക് അനുമതി നൽകുന്ന പക്ഷം കേരള സംസ്ഥാനം കണ്ട ഏറ്റവും വലിയ നെൽവയൽ നീർത്തട നികത്തൽ ആയിരിക്കും അത്. ജൈവ സമ്പുഷ്ടമായ ഈ പാടശേഖരം പരിവർത്തനപ്പെടുത്തുന്നതിനാവശ്യമായ മണ്ണ് എടുക്കുമ്പോൾ (കായലിൽ നിന്നോ, കുന്നുകൾ നിരത്തിയോ) മണ്ണെടുത്ത് മാറ്റുന്ന പ്രദേശവും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങളിലേയ്ക്കാണ് വഴുതി വീഴാൻ പോകുന്നത്.

കുട്ടനാട്ടിൽ വർഷ കാലത്ത് ഉണ്ടാവുന്ന പ്രളയ ജലത്തെ നിയന്ത്രിക്കുന്നതിന് മെത്രാൻ കായൽ പോലുള്ള കുട്ടനാടൻ പാടശേഖരങ്ങൾക്ക് പ്രധാന പങ്കുള്ളത് വിസ്മരിക്കാതിരിക്കുന്നത് നന്നായിരിക്കും. കൂടാതെ ഭൂഗർഭ ജലവിതാനത്തെ പരിപോഷിപ്പിക്കുന്നതും മണ്ണ് ഒലിപ്പ് തടയുന്നതും വെള്ളം പിടിച്ചു നിർത്താൻ ശേഷിയുള്ള ഈ പാടശേഖരങ്ങളാണ്.

അന്താരാഷ്ട്ര ഉടമ്പടിയായ റാംസാർ പ്രകാരം സംരക്ഷിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ള തണ്ണീർത്തടമാണ് വേമ്പനാട് – കോൾ പ്രദേശം. ഇതിനു ചുറ്റും താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടേയും കർഷകരുടെയും കക്കാവാരൽ തൊഴിലാളികളുടെയും മറ്റും ഉപജീവന മാർഗ്ഗമാണ് ഈ കായലും, കായലിനോട് ചുറ്റിപ്പറ്റിയുള്ള പ്രദേശവും. മാത്രവുമല്ല സാമൂഹികവും പാരിസ്ഥിതികവുമായ സേവനങ്ങൾ ഇത് ഈ പ്രദേശവാസികൾക്ക് നൽകിപ്പോരുന്നു. ഗവേഷണങ്ങളാൽ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുത, ഒരേക്കർ പാടശേഖരം ഏതാണ്ട് 2,50,000 രൂപയുടെ പാരിസ്ഥിതിക സേവനങ്ങൾ മനുഷ്യരാശിക്ക് നൽകുന്നു. അതായത് 417 ഏക്കർ വിസ്തൃതിയിലുള്ള മെത്രാൻ കായൽ പാടശേഖരത്തിന്റെ മൊത്തം പാരിസ്ഥിതിക മൂല്യം ഏതാണ്ട് 104,2500, 000 രൂപയുടേതാണ്. ഇപ്രകാരമുള്ള പാരിസ്ഥിതിക സേവനങ്ങളുടെ മൂല്യം ഇതിന്റെ മേൽ




കടന്നു കയറാൻ ശ്രമിക്കുന്നവരും, അതിനായി പരവതാനി വിരിച്ച് നൽകുന്നവരും കണക്കിലെടുക്കാറില്ല.

കൂടാതെ, അന്താരാഷ്ട്ര തലത്തിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള, ഇംപോർട്ടന്റ് ബേർഡ് ഏരിയ (IBA) യിൽ പെടുന്നതാണ് ഈ പ്രദേശം. വാർഷാവർഷം നടത്തിപ്പോരുന്ന ബേർഡ് സെൻസസ് വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്ന കായൽ നിലങ്ങളുടെ പ്രാധാന്യം വ്യക്തമാക്കിയിട്ടുണ്ട്. നിരവധി നീർപറവകളുടെയും (185 ഇനം പക്ഷികൾ), മത്സ്യങ്ങളുടെയും (58 ഇനം) ഉരഗങ്ങളുടെയും, ഉഭയ ജീവികളുടെയും ആവാസ വ്യവസ്ഥകളിലൊന്നാണ് ഇവിടം. ഈ പ്രദേശത്തിന്റെ നാശം ഈ ജീവിവർഗ്ഗങ്ങളുടെ തന്നെ നാശത്തിന് വഴി വെക്കും.

**സമരമുഖം**

കേരള സർക്കാർ 2008 പാസ്സാക്കിയ നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിന്റെ നഗ്നമായ ലംഘനമാണ് ഈ പദ്ധതിയുടെ വക്താക്കൾ ലക്ഷ്യമിടുന്നത്. കൃഷിഭൂമി തരിശിടൽ, കാർഷികേതര ആവശ്യങ്ങൾക്കായി കൃഷിഭൂമി രൂപാന്തരപ്പെടുത്തൽ തുടങ്ങി നിയമം മൂലം തടഞ്ഞിട്ടുള്ള പ്രവർത്തികളാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

നെൽവയൽ - നീർത്തട സംരക്ഷണ നിയമപ്രകാരം രൂപീകൃതമായ പ്രാദേശിക തല നിരീക്ഷണ സമിതി നെൽവയൽ തരിശിടുന്നത് ചൂണ്ടിക്കാണിച്ച് കൊണ്ട് ഭൂമി കൈവശം വച്ചിരിക്കുന്ന വിവിധ കമ്പനി ഉടമകൾക്ക് കത്ത് നൽകുകയും, കൃഷി നടത്തണം എന്ന ആവശ്യം ഉന്നയിച്ച് കൊണ്ട് യോഗം വിളിച്ച് ചേർക്കുകയും ചെയ്തു. പ്രസ്തുത യോഗത്തിൽ തങ്ങൾക്ക് കൃഷി ചെയ്യാൻ താത്പര്യം ഇല്ലായെന്നും, ഒരു ടൂറിസം പ്രോജക്ട് നടത്താൻ ആണ് താത്പര്യം എന്നും കമ്പനി വക്താക്കൾ പറഞ്ഞു. അതിനൊപ്പംതന്നെ കുമരകം ഗ്രാമപഞ്ചായത്ത് മെത്രാൻകായൽ കൃഷി ചെയ്യണം എന്നാവശ്യപ്പെട്ടുകൊണ്ട് പ്രമേയം പാസ്സാക്കുകയും, കളക്ടറോട് കൃഷി നടത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകുകയും ഉണ്ടായി.

ഈ പശ്ചാത്തലത്തിൽ മെത്രാൻ കായൽ സംരക്ഷണം മുൻനിർത്തി നിരവധി രാഷ്ട്രീയ-സാമൂഹിക പാരിസ്ഥിതിക സംഘടനകളുടെ ആഭിമുഖ്യത്തിൽ മെത്രാൻ കായൽ സംരക്ഷണ പ്രക്ഷോഭ സമിതി രൂപീകരിക്കപ്പെട്ടു. സമിതിയുടെ ശ്രമഫലമായി കൃഷിമന്ത്രി പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട്, സംസ്ഥാന റൈസ് മിഷൻ ഡയറക്ടറെ മെത്രാൻ കായൽ സന്ദർശിച്ച് കൃഷി നടത്തിപ്പിന് ആവശ്യമായ നടപടികളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെടുകയുണ്ടായി. സമരസമിതിയുടെ പരാതി സ്വീകരിച്ചുകൊണ്ട് കേരള നിയമസഭ പരിസ്ഥിതി കമ്മറ്റി ജൂൺമാസം കോട്ടയം കളക്ട്രേറ്റിൽ വച്ച് നടത്തിയ തെളിവെടുപ്പിൽ ഈ ടൂറിസം പദ്ധതിക്കെതിരായി നിരവധി സംഘടനകളും വ്യക്തികളും തെളിവുകൾ നൽകുകയുണ്ടായി. തെളിവെടുപ്പിന് ശേഷം നിയമസഭ പരിസ്ഥിതി കമ്മറ്റി സ്ഥലം സന്ദർശിക്കുകയും വിഷയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി തുടർ നടപടികൾക്ക് ഉറപ്പ് നൽകി.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ കുമരകം ഗ്രാമപഞ്ചായത്തിൽ വിളിച്ചു ചേർത്ത യോഗത്തിൽ കമ്പനി വക്താക്കൾ, കൃഷി ചെയ്യാൻ താത്പര്യമില്ലെന്നും നിയമ വ്യവസ്ഥ എന്തായിരുന്നാലും പദ്ധതിക്ക് ആവശ്യമായ ക്യാബിനറ്റ് അംഗീകാരം ഞങ്ങൾ നേടിയെടുക്കും എന്നും പറയുകയുണ്ടായി. തുടർന്ന് തീർത്തും നിയമ വിരുദ്ധമായ ഈ പ്രോജക്ടിന്റെ അംഗീകാരത്തിനായി വ്യവസായ വകുപ്പ് ഇത് അവതരിപ്പിച്ചെങ്കിലും കൃഷി മന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും എതിർപ്പ് മൂലം വ്യവസായ വകുപ്പിന്റെ ശ്രമം വിഫലമാകുകയും യോഗം പ്രസ്തുത പ്രോജക്ടിന്മേൽ തീരുമാനമാകാതെ പിരിയുകയും ചെയ്തു.

**നിർദ്ദേശങ്ങൾ**

കൃഷിയിലേയ്ക്കുള്ള തിരിച്ചു വരവിനെ പ്രോത്സാഹിപ്പിക്കാനും നമ്മുടെ നാടിന്റെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്താനുമായി സർക്കാർ നടത്തിവരുന്നതും, നടത്തിയിട്ടുള്ളതുമായ പദ്ധതികൾക്ക് ഏറ്റവും മാരകമായ തിരിച്ചടിയ്ക്കും ടൂറിസത്തിന്റെ പേരിലുള്ള വ്യക്തമായ ഈ റിയൽ എസ്റ്റേറ്റ് താത്പര്യങ്ങൾക്ക് പച്ചക്കൊടി കാട്ടുന്നത്.

ആഭ്യന്തര നെല്ലുല്പാദനം വളരെക്കുറഞ്ഞുവരുകയും നെൽവയലുകളിന്മേൽ ഭൂമാഫിയ കടന്നുകയറ്റങ്ങൾ തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ മെത്രാൻ കായൽ ഉൾപ്പെടെയുള്ള കേരളത്തിലെ തരിശു കിടക്കുന്ന എല്ലാ നെൽപാടങ്ങളും കൃഷിവകുപ്പ് ഏറ്റെടുക്കുകയും, അഗ്രികൾച്ചറൽ റിസർവ്വുകളായി നിലനിർത്തുകയും ചെയ്യണം എന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതാത് പ്രദേശങ്ങളിലെ കർഷകരെയും കർഷക തൊഴിലാളികളെയും സംഘടിപ്പിച്ച് കൊണ്ട് കൃഷിവകുപ്പ് കൃഷിക്ക് നേതൃത്വം നൽകുകയും വേണം.

വികസനത്തിന്റെ പേരിൽ ഇപ്രകാരമുള്ള വൻകിട ടൂറിസം-ഗോൾഫ്-റിയൽ എസ്റ്റേറ്റ് പദ്ധതികൾക്ക് പകരം നാടിന്റെ ഭക്ഷ്യസുരക്ഷയ്ക്കും, കുടിവെള്ള ലഭ്യതയ്ക്കും, പാരിസ്ഥിതിക വിഭവങ്ങളുടെ സംരക്ഷണത്തിനും, ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരന്റെയും അടിസ്ഥാനവർഗ്ഗജനവിഭാവങ്ങളുടെയും ആവശ്യം തിരിച്ചറിഞ്ഞുകൊണ്ടുള്ള സുസ്ഥിര വികസന പദ്ധതികളാവട്ടെ നമ്മൾ നടപ്പിലാക്കുന്നത്.

*ബന്ധങ്ങൾക്ക്: ജിഷ്ണു. എസ്, സെക്രട്ടറി, കുമരകം നേച്ചർ ക്ലബ്, കുമരകം, കോട്ടയം. 9745721332*

## അറിയിപ്പ്

സ്ഥലപരിമിതിമൂലം കേരളീയത്തിൽ സാധാരണ പംക്തികളും പതിവ് മാറ്ററുകളും ചേർക്കാനായിട്ടില്ല.